ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, തീർച്ചയായും ആ നിലയിലൊക്കെ അപകടങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങളുണ്ട്. അപകടങ്ങളുണ്ടാകുമ്പോൾ അതി വേഗം ചികിത്സ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. നാഷണൽ ഹൈവേയിൽ 50 മീറ്ററിനുള്ളിൽ ഒരു ആംബുലൻസ് പ്രൊവൈഡ് ചെയ്യുകയും അപകടങ്ങളുണ്ടാകുമ്പോൾ അതിവേഗം ആശുപത്രിയിൽ എത്തിക്കാൻ കഴിയുന്ന രീതിയിൽ ഒരു ആംബുലൻസ് ആശുപത്രി-ട്രാഫിക് സ്റ്റേഷൻ സംവിധാനം കൊണ്ടുവരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വളരെ ചുരുങ്ങിയ സമയമുണ്ടെങ്കിൽപ്പോലും ഇതു ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ : പരിഗണനയ്ക്കെടുക്കണമെങ്കിൽ ഒറ്റ മാർഗ്ഗമേ ഉള്ളു. വീണ്ടും സഭയിൽ വന്ന് ഒന്നുകൂടി അവതരിപ്പിക്കുക. അല്ലാതെ വേറെ മാർഗ്ഗമില്ല.

(ചർച്ച തുടരും)

## 17. ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യുവർ കേരള അമെന്റ്മെന്റ് ബിൽ-2001

( ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ കേരള അമെന്റ്മെന്റ് ബിൽ 2001-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിവകുപ്പു മന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇത്തരമൊരു ഭേദഗതി ഇപ്പോൾ ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഈ സഭയിൽ അവതരിപ്പിക്കാൻ നോട്ടീസ് കൊടുത്ത വേറെ ബില്ലുകൾ ഇനി തയ്യാറാക്കിയതുണ്ടോ ?

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, കുറച്ചു ബില്ലുകൾ കൂടി അവതരിപ്പിക്കണമെന്നുണ്ട്. കഴിയുമോ എന്ന് എനിക്ക് നിശ്ചയമില്ല.

മി. സ്പീക്കർ : അതിന് ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കൽ ബിൽ കൊണ്ടുവരണം.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ക്രിമിനൽ പ്രൊസീജിയർ കോഡിൽ വരുത്തേണ്ട ഭേദഗതികളാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരാനുള്ളത്. 1975 ജൂൺ 17-ാം തീയതി ഇടുക്കി ജില്ലയിലെ കരിമണ്ണൂർ പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വച്ച് മൃഗീയവും പൈശാചികവും ഭീതിദവുമായ മർദ്ദനത്തിന് എനിക്ക് വിധേയനാകേണ്ടി വന്നു. അന്ന് ശ്രീ. കെ. കരുണാകരനാണ്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി. അന്ന് പ്രതിപക്ഷനേതാവ്, കെ.പി.സി.സി.പ്രസിഡന്റുമായിരുന്നു. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ട്രഷറർ പദവിയിലിരിക്കുമ്പോഴാണ് എനിക്ക് ആ ദുര്യോഗമുണ്ടായത്. എന്റെ ജില്ലയിലെ കരിമണ്ണൂർ പോലീസ് സ്റ്റേഷനിൽ വച്ചുണ്ടായ ലോക്കപ്പ് മർദ്ദനത്തിന്റെ ഭീതിദമായ ഒരു ഓർമ്മയാണ്, അനുഭവമാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവരാൻ എന്നെ കൂടുതൽ പ്രേരിപ്പിച്ചത്. വളരെ കുറച്ച് മണിക്കൂറുകൾ മാത്രമാണ് എനിക്ക് മർദ്ദനമേൽക്കേണ്ടി വന്നത്. എന്നാൽ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും നീണ്ടുനിന്ന മർദ്ദനത്തിന് വിധേയരായ, മർദ്ദനമേറ്റ് മരിക്കേണ്ടിവന്ന ഹതഭാഗ്യരായ മനുഷ്യരുടെ ഓർമ്മ മനസ്സിൽ സൂക്ഷിച്ചുകൊണ്ടുകൂടിയാണ് ഈ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നത്. 1973-ലെ ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ 5-ാം ചാപ്റ്റർ പോലീസിന്റെ നടപടിക്രമങ്ങളെക്കുറിച്ചുള്ളതാണ്. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിനെയും തടഞ്ഞുവയ്ക്കുന്നതിനെയും ചോദ്യം ചെയ്യുന്നതിനെയും കുറിച്ച് വിവിധ സെക്ഷനുകളിലായി ഈ ചാപ്റ്റർ പ്രതിപാദിക്കുന്നു. സുപ്രീം കോടതിയുടെ കോൺസ്റ്റിറ്റ്യൂഷണൽ ബെഞ്ച് ജഡ്ജിമാരായ കുൽദീപ് സിംഗ്, ഡോ. എ. എസ്. ആനന്ദ് എന്നിവർ 14-8-1987-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ നിയമമുണ്ടാക്കണമെന്നാണ് ഈ സ്വകാര്യ ബില്ലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ വെളിച്ചത്തിൽ ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ 5- ാം ചാപ്റ്ററിൽ 60 (എ) സെക്ഷൻ കൂട്ടിച്ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 1986 ജൂലൈ 20,21,22 തീയതികളിൽ ഇൻഡ്യൻ എക്സ്പ്രസ്, ടെലഗ്രാഫ് എന്നീ പത്രങ്ങളിൽ പ്രസിദ്ധികരിച്ച ഒരു വാർത്ത ഉദ്ധരിച്ചുകൊണ്ട് വെസ്റ്റ് ബംഗാളിലെ ഒരു എൻ. ജി. ഒ. ആയ (നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ) ലീഗൽ എയിഡ് സർവ്വീസ്സ് എന്ന സംഘടനയുടെ.....

മി. സ്പീക്കർ : ഡീറ്റയിൽസ് വേണ്ട. ഇത് ധാരാളം മതി.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : അതിന്റെ ചെയർമാൻ സമർപ്പിച്ച ഒരു ഹർജിയുടെ അടിസ്ഥാനത്തിലാണ് ഈ വിധിയുണ്ടായത്. ഗവൺമെന്റ് ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

## 18. 2001-ലെ കേരള ജലവൈദ്യുത പദ്ധതി തൊഴിലാളി ക്ഷേമ നിധി ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2001-ലെ കേരള ജലവൈദ്യുത പദ്ധതി തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.



LIBRARY ARCHIVES Kerala Legislative Assembly